(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായിട്ടുള്ളവർക്ക് ഇൻഷ്വറൻസ് സഹായ പദ്ധതി പ്രകാരം അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത സംഭവിച്ചവർക്ക് ഒരു ലക്ഷം രൂപ വീതവും അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത അനുഭവിക്കുന്നവർക്ക് 50,000 രൂപയും ധനസഹായം നൽകി. അപകടം മൂലം പരിക്കേറ്റ 24 മണിക്കൂറിലധികം ആശുപത്രികളിൽ ചികിത്സ വേണ്ടി വരുന്നവർക്ക് ഒടുക്കപ്പെട്ട ബില്ല് പ്രകാരം പരമാവധി 2000 രൂപ ആരോഗ്യ ഇൻഷ്വറൻസ് ധനസഹായം നൽകി വരുന്നു. അപകടംമൂലം താൽക്കാലിക അവശത അനുഭവിക്കുന്നവർക്ക് ആളൊന്നിന് പരമാവധി 500 രൂപ ധനസഹായം നൽകി വരുന്നു. അപ്രതീക്ഷിതമായ അപകടംമൂലവും പ്രകൃതിക്ഷോഭംമൂലവും ദുരിതമനുഭവിക്കുന്നവർക്ക് ചെയർമാൻ റിലീഫ് ഫണ്ട് മുഖാന്തിരം അടിയന്തിര ധനസഹായമായി 500 രൂപ മുതൽ പരമാവധി 2500 രൂപ വരെ നൽകി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് വലിയതുറ യു. പി. സ്കൂളിൽ താമസിച്ചിരുന്ന 11 കുടുംബങ്ങൾക്കും കൊച്ചു തോപ്പ് ഫിഷർമെൻ കോളനിയിൽ താമസിച്ചിരുന്ന 40 കുടുംബങ്ങൾക്കും ഭവനനിർമ്മാണ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ഇരവിപുരം ഗ്രാമത്തിലെ 71 പേർക്കും, കോവിൽതോട്ടം ഗ്രാമത്തിലെ 4 പേർക്കും നീണ്ടകര ഗ്രാമത്തിലെ 2 പേർക്കും വീട് അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ കാട്ടൂരിൽ 30 പേർക്കും അമ്പലപ്പുഴയിൽ ഒരാൾക്കും, തുമ്പോളിയിൽ 7 പേർക്കും അമ്പലപ്പുഴ മുനിസിപ്പാലിറ്റിയിൽ 35 പേർക്കും വീട് അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ഒരാൾക്ക് വീട് അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രകൃതിക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ ഭവന രഹിതരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഫിഷറീസ് വകുപ്പ് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി/സ്പെഷ്യൽ പാക്കേജ് സ്കീം എന്നിവ പ്രകാരം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ 2001 മുതൽ 2005 വരെയുള്ള കാലയളവിൽ 6945 വീടുകൾ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി മുഖാന്തിരവും 2500 വീടുകൾ സ്പെഷ്യൽ പാക്കേജ് സ്കീം മുഖാന്തിരവും അനുവദിച്ചു നൽകിയിട്ടുണ്ട്. സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് റവന്യൂ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളും മുഖാന്തിരം വീടുകൾ ലഭ്യമാക്കിവരുന്നു. കൂടാതെ മത്സ്യഫെഡ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2.25 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

കുമരകത്ത് ഫിഷിംഗ് ഹാർബറിന്റെ പ്രൊജക്ട് റിപ്പോർട്ട്

149. [149] ശ്രീ. സി. കെ. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട് എന്ന് തയ്യാറാക്കി; എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം നേടി പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി 2558 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖ ജൂൺ 2005-ൽ തയ്യാറാക്കി.

(ബി) പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുവാൻ കഴിയുന്നതാണ്.

യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്കുള്ള ഡീസൽ സബ്സിഡി

150. [150] ശ്രീ. വി. ജെ. പൗലോസ് :

,, കെ. എ. ചന്ദ്രൻ :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തോതെത്രയാണ്;

(ബി) അതിനുവേണ്ടി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഇതിന്റെ പ്രയോജനം എത്ര പേർക്ക് കിട്ടുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ വാങ്ങുന്നതിന് റിബേറ്റ് നൽകുന്ന ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 20 m OAL വരെയുള്ള യന്ത്രവൽകൃത ബോട്ടുകൾക്ക് ഇന്ധന ചെലവ് ഇനത്തിൽ ലിറ്ററിന് 1.50 രൂപ വീതം പ്രതിമാസം 1000 ലിറ്റർ ഡീസലിന് പ്രതിമാസം 1500 രൂപ വീതം 10 മാസം (ആകെ 15000 രൂപ) ഗുണഭോക്താക്കൾക്ക് ഡീസൽ സബ്സിഡി ആനുകൂല്യം നൽകുന്നതാണ്. ട്രോളിംഗ് നിരോധന കാലയളവിൽ ഈ ആനുകൂല്യം ലഭിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly